ആശ്രിത നിയമനം

48 (4380) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമനത്തിന് പുതുതായി എന്തൊക്കെ പരിഷ്കാരങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ആശ്രിത നിയമനത്തിനായി ഏത് വർഷം വരെ അപേക്ഷിച്ചവർക്കാണ് നിയമനം നൽകിയിട്ടുള്ളത് ?

ഉത്തരം

(എ) ആശ്രിതനിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനുള്ള കുടുംബവാർഷിക പരിധി 4 1/2 ലക്ഷം രൂപയിൽനിന്നും 6 ലക്ഷമാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

എച്ച്.എസ്.എ. ഫിസിക്കൽ സയൻസിന്റെ ഒഴിവുകൾ

49 (4381) ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ എച്ച്.എസ്.എ. ഫിസിക്കൽ സയൻസിന്റെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ നൽകിയ നിയമനങ്ങളുടെ വിവരം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്നാണ് തീരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-11 അദ്ധ്യയന വർഷം മുതൽ നാളിതുവരെ 30 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 12-3-2012-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും 26 പേർക്കും പി.എച്ച്. വിഭാഗത്തിന്റെ 28-11-2012-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽനിന്നും ഒരാൾക്കും നിയമനം നൽകുക വഴി ആകെ 27 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) 12-3-2012-ൽ വന്ന കാറ്റഗറി നമ്പർ 177/2008 പ്രകാരമുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി 30-9-2015 വരെയും 28-11-2012-ൽ നിലവിൽ വന്ന കാറ്റഗറി നമ്പർ 243/2012 പി.എച്ച്. വിഭാഗത്തിന്റെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 27-11-2015 വരെയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly